# മഹാഭാരതം നാട്യത്തിൽ

## കാവാലം നാരായണ പണിക്കർ

(വിവർത്തനം - എ. പുരുഷോത്തമൻ)

പീഠിക

*ഇവിടെ ഭാസൻ നാടകകൃത്തിന്റെ ആദർശരൂപവും വ്യാസൻ ആഖ്യാതാവിന്റെ ആദർശരൂപവുമായി ഗണിക്കപ്പെടുന്നു. ആഖ്യാനക്കൂടുതൽ വ്യാസനോടടുത്തതും അഭിനയക്കൂടുതൽ ഭാസനോടടുത്തതും. സ്ഥൂലാഖ്യാനം - സൂക്ഷ്മാഖ്യാനം, സാഹിത്യം - അഭിനയം, ആഖ്യാനം - പ്രവർത്തനം, സംഭവം - കഥാപാത്രം, വാച്യം - സൂച്യം; ഈ പദ്ധതി ഏതു നാടകീയാഖ്യാനത്തിന്റെയും - അത് വായ്മൊഴിയിൽനിന്നോ വരമൊഴിയിൽനിന്നോ ഉത്ഭവിച്ചതാവട്ടെ - മൂല്യനിർണ്ണയത്തിന് ഉപയോഗിക്കാം.*

ഇതിഹാസം ഏതൊരു തരത്തിലുള്ള നാട്യമായി രൂപാന്തരപ്പെടുമ്പോഴും, പ്രമേയം ചിന്താസരണിയുടെ സർവ്വതോമുഖമായ പുനർമൂല്യനിർണ്ണയം ഉൾക്കൊള്ളുന്ന പുനർജന്മം പ്രാപിക്കുന്നു. ഈ വ്യതിയാനം, ഒരുതരത്തിൽ, നാട്യം ആവശ്യപ്പെടുന്ന സൗന്ദര്യബോധത്തിനനുസൃതമായി ചിട്ടപ്പെടുത്തിയതാണ്. നാട്യത്തിന്, ഇതിഹാസം ദർശിക്കുന്നതിൽനിന്ന് വിഭിന്നമായ ഒരു വ്യാഖ്യാനോദ്ദേശ്യമുണ്ട്. നാട്യത്തിലെന്നപോലെ ഇതിഹാസത്തിലും, സംഭവങ്ങൾ നിയന്ത്രിക്കാൻ കഥാപാത്രങ്ങളുണ്ട്. ഈ സംഭവങ്ങൾ വ്യാഖ്യാനതലത്തിലും ചിത്രീകരിക്കപ്പെട്ടവയാണ്. എന്നാൽ, നാട്യത്തിൽ, വ്യാഖ്യാനം കഥാപാത്രങ്ങളിലൂടെ, സ്ഥലകാലമാനത്തിൽ നടക്കുന്നു. ഇതിഹാസ സന്ദർഭത്തിന്റെ പുനഃസൃഷ്ടിയാണ് ആഖ്യാനമെങ്കിൽ, അതിന്റെ നിർവ്വഹണം, ഉപാഖ്യാനങ്ങളിൽ അന്തർലീനമായ ദൃശ്യകവിതയുടെ ആവിഷ്കാരത്തോടെ, ഇതിഹാസത്തിലെ പ്രധാന പ്രതിപാദ്യങ്ങളെ അനാവരണം ചെയ്യുന്നു. കഥാതന്തുവിന്റെ സങ്കീർണ്ണതകൊണ്ടല്ല, ഒരു പ്രമേയം നാട്യത്തിൽ പ്രസക്തവും സമ്പന്നുമാകുന്നത്; മറിച്ച്, ആഖ്യാനത്തിന്റെ അർത്ഥം, നടനത്തിലൂടെ സംവേദനം ചെയ്യുമ്പോൾ അതുളവാക്കുന്ന ശക്തിയിലൂടെയാണ്. സംഭവങ്ങളുടെ സമ്പന്നതയിലൂടെയും ആഖ്യാനത്തിലൂടെയും ഇതിഹാസം ഇതിഹാസമാവുന്നു. എന്നാൽ നാട്യത്തിന്റെ സമ്പന്നത, പ്രമേയപരമായ ഉള്ളടക്കത്തിന്റെ സമ്പന്നതയെ, അത് ചിത്രീകരിക്കുന്ന ഉള്ളടക്കത്തിന്റെ ഭീമഭാഗത്തെ, ആശ്രയിക്കുന്നില്ല. കൃഷ്ണഭഗവാന്റെ ബാലലീലകൾ, ഒരു ആഖ്യാനസന്ദർഭത്തെ വിപുലീകരിച്ച്, വളരയേറെ വൈകാരികവും, ഭാവനാത്മകവും, നാടകീയവുമായ അഭിനയമാക്കി, ഒരു നൃത്തശ്രേണിയായി പരിഷ്കരിക്കപ്പെടുന്നു. പങ്കിടുന്ന ഇതിഹാസത്തിന്റെ കാര്യത്തിൽ, ഒരു പൂർവ്വകഥയുടെ പ്രതിധ്വനികളിൽ പിടിച്ചുനിൽക്കാൻ നർത്തകന് സാധിക്കും. ഇതിഹാസ പാരമ്പര്യം, മനുഷ്യജീവിതത്തിന്റെ നാനാമുഖ യാഥാർത്ഥ്യങ്ങളെ അവയുടെ ജയാപജയങ്ങൾക്കും, മഹിമ-ലഘിമകൾക്കും, ഗുണദോഷങ്ങൾക്കും ദുഃഖാന്ത-സുഖാന്തങ്ങൾക്കും ഒപ്പം തുറന്നുകാട്ടുന്നു. ഇതിഹാസത്തിന്റെ കാൻവാസ് വിശാലവും നിറപ്പകിട്ടാർന്നതുമാണ്. അത് തലമുറകളോളം നീണ്ടുനിൽക്കുന്ന തീവ്രമായ മനുഷ്യയജ്ഞങ്ങളുടെ, രാജകുടുംബകഥകളുടെ, അവരുടെ ഉദയാസ്തമനങ്ങളുടെ പ്രപഞ്ചം തുറന്നുകാട്ടുന്നു; ഒരു യുഗത്തിന്റെ സമൂഹസ്മരണയിലൂടെയുള്ള സംഭവബഹുലമായ കാവ്യപ്രവാഹത്തിന്റെ പുനരുത്പാദനമാണ് ഇവയെല്ലാം.

ഒരു ഇതിഹാസത്തിന്റെ വൈകാരികാംശം, ഓരോ സംഭവഗതിയിലും ഘനീഭവിക്കുന്ന തീവ്രതയോട് സർവ്വദാ സമാനമാണ്. ഒരു ഇതിഹാസപ്രമേയം പുനർജ്ജനിക്കുമ്പോൾ, കഥാപാത്രം മറ്റേതൊരു ഘടകത്തെക്കാളും ശക്തമായ പ്രചോദനമാദ്ധ്യമമായിത്തീരുന്നു. സംഭവത്തെക്കാളേറെ, എങ്ങനെ കഥാപാത്രം സംഭവവുമായി പ്രതികരിക്കുന്നു എന്നതിനാണ് പ്രാധാന്യം, ഭാരതീയ സങ്കൽപമനുസരിച്ച് കഥാപാത്രം അവസ്ഥയെ അനുകരിക്കുന്നു. *അവസ്ഥാനുകൃതിർ നാട്യം* എന്ന തത്വം നാട്യസ്വഭാവത്തെ വിശദീകരിക്കുന്നു. ഒരു നാട്യത്തിലോ നാടകത്തിലോ നടിക്കുന്ന ആൾക്ക് അയാളുടെയോ അവളുടെയോ അനുഭവം,

ദൃശ്യങ്ങളുടെ കവിതയിലൂടെ പ്രേക്ഷകന് സംവേദനം ചെയ്യേണ്ടതുണ്ട്. ഈ കവിത, ഇതിഹാസത്തിലെ ഒരു സംഭവത്തിന്റെ ചിത്രീകരണത്തിലുള്ള കവിതയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. നാട്യം എല്ലായ്പോഴും അതിന്റെ അവതരണസ്ഥലത്ത്, അപ്പോൾ, അവിടെ സന്നിഹിതരായ സംഘമനസ്സുമായി സംവേദനം ചെയ്യുന്നു. ഒരു വികാരം പടുത്തുയർത്തുന്നത് സംബന്ധിച്ചിടത്തോളം, ഇതിഹാസത്തിലെ കഥാകഥനം, നാട്യത്തിലേതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു സമീപനത്തെ ആശ്രയിക്കുന്നു. കഥാപാത്രങ്ങളുടെ പെരുമാറ്റത്തിലൂടെ, അനുഭവങ്ങളെ സമന്വയിച്ച്, വികാരങ്ങളാക്കി സമാഹരിക്കുന്ന അനുഗൃഹീതമായ കഴിവ്, നാട്യസൃഷ്ടികർമ്മത്തിന്റെ പ്രത്യേകതയും, അതിന് പ്രത്യേകം ആവശ്യമുള്ളതുമാണ്. നാടകരംഗത്ത്, ആഖ്യാനം പോലും ഒരു കഥാപാത്രത്തിന്റെ വൈകാരികോന്നമനത്തിലൂടെ വേണം തിരിച്ചുവിടാൻ. ഇതിഹാസത്തിലൂടെ സംവേദനം ചെയ്യപ്പെടുന്ന സന്ദേശം, മഹത്തായ ഇതിഹാസപ്രപഞ്ചത്തിന്റെ വിദൂരകോണുകളിലുള്ള ഏതൊരു പ്രത്യേക സന്ദർഭത്തിനു അനുസൃതമായി രൂപപ്പെടുത്തുകയും, സാമാന്യവൽക്കരിച്ച് പ്രത്യക്ഷമായി പ്രസ്താവിക്കുകയും ചെയ്യാവുന്നതാണ്. മഹാഭാരതത്തിലെ ഏകലവ്യന്റെ കഥ, മഹാഋഷി വ്യാസൻ, ആ സംഭവത്തിന്റെ ദുരന്തഗതിയെപ്പറ്റി, അനുകൂലമായോ പ്രതികൂലമായോ ഉള്ള എല്ലാ വാദങ്ങളും വായനക്കാരന്റെ വിവേചനാശീലമുള്ള മനസ്സിന്റെ സദ്ഭാവത്തിനും, ധർമ്മബോധത്തിനും, നീതിബോധത്തിനും വിട്ടുകൊടുത്തുകൊണ്ട്, അതിന്റെ എല്ലാ തീവ്ര ദുഃഖത്തോടും കൂടി നമ്മോടു പറയുന്നു. ഏകലവ്യന്റെ കഥയിൽ ആർ ആരോട് നിർദ്ദയമായി പെരുമാറി എന്നു മഹാഋഷി ചർച്ച ചെയ്യുന്നില്ല. എന്നാൽ, കുടിലതയിൽ നിന്ന് ധർമ്മത്തിന്റെ, അസത്യത്തിൽ നിന്നു സത്യത്തിന്റെ, അനീതിയിൽ നിന്നു നീതിയുടെ, അജ്ഞാനത്തിൽ നിന്നു ജ്ഞാനത്തിന്റെ വ്യവകലനം, നിശിതവും, സൂക്ഷ്മവുമായി മഹാഭാരതം എന്ന സംഭവബഹുലമായ ഇതിഹാസത്തിൽ അപഗ്രഥിക്കപ്പെടുന്നു. മാനവകഥകളെ വസ്തുനിഷ്ഠമായി പ്രതിപാദിച്ച്, വ്യാസൻ സദാചാരത്തെ ഉയർത്തിപ്പിടിക്കുന്നു. തന്റെ പതിനെട്ടു പുരാണങ്ങളിലൂടെ മഹാഋഷി വ്യാസൻ സംവേദനം ചെയ്യാനാശിച്ചതിന്റെ ആകത്തുക, സാധാരണയായി, ഇപ്രകാരം സംഗ്രഹിച്ച് പ്രസ്താവിക്കപ്പെടുന്നു:

*പരോപകാര പുണ്യായ പാപായ പരപീഡനം*

(പരോപകാരമേ പുണ്യം പാപമേ പരപീഡനം)

ഏതു കാലത്തും, കാലാവസ്ഥയിലും മനുഷ്യർക്കും രാഷ്ട്രങ്ങൾക്കും ഉപയോഗിക്കാവുന്ന ഉന്നതമായ ഒരാദർശം. ഇതിഹാസത്തിന്റെ ഈ വസ്തുനിഷ്ഠതയെ, തന്റെ കഥാപാത്രങ്ങളുടെ വികാരങ്ങൾക്ക് പരമോന്നതപ്രാധാന്യം കൽപിക്കുന്ന, ഭാസനെപ്പോലെയുള്ള ഒരു നാടകകൃത്തിൽ കാണുന്ന ജീവിതനിമഗ്നതയുടെ വെളിച്ചത്തിൽ പരിശോധിക്കുന്നത് താത്പര്യജനകമാണ്.

ദൃശ്യകാവ്യത്തിന്റെ കാര്യത്തിൽ, ഒരു ഇതിഹാസകഥാപാത്രത്തിന്റെ മൂശയിൽ ചേർത്ത വിശദാംശങ്ങൾക്ക് ചിലപ്പോൾ, ഒരു പക്ഷെ, ഭാസന്റെ *മദ്ധ്യമ വ്യായോഗത്തി*ലെ ഘടോൽക്കചന്റേതിലെന്ന പോലെ, ഒരു സമൂലപരിവർത്തനം സംഭവിച്ചേക്കാം. എഴുത്തുകാരന്റെ ഭാവനാവിലാസങ്ങൾക്ക് ഉതകാൻ മാത്രമാവില്ല ഈ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടാവുക. ഘടോൽക്കചൻ എന്ന കഥാപാത്രവുമായി ബന്ധപ്പെട്ട്, ധർമ്മാധർമ്മങ്ങളുടെ സൂക്ഷ്മതയെ, ഭാസൻ വിമർശനാത്മകമായി അപഗ്രഥിക്കുന്നത് നാം കാണുന്നു. ഇതിഹാസത്തിൽനിന്നു വ്യതിചലിച്ച്, ഘടോൽക്കചൻ ഭീമനെ കാണുന്ന ഒരു സന്ദർഭം ഭാസൻ സൃഷ്ടിക്കുന്നു. ഇതിഹാസത്തിൽ ഘടോൽക്കചൻ ബ്രാഹ്മണദ്വേഷിയും, യജ്ഞദ്വേഷിയും, പാപാത്മാവുമായി വിവരിക്കപ്പെടുന്നു. ഈ നിലയിൽ, യുദ്ധത്തിൽ രാക്ഷസൻ കർണ്ണനാൽ ഹതനാവുമ്പോൾ കൃഷ്ണൻ സന്തോഷിക്കുന്നു. *മദ്ധ്യമ വ്യായോഗത്ത്*ൽ നാം കാണുന്നത് തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണ്. നാടകത്തിൽ, ഘാടോൽക്കന്റെ കഥാപാത്രത്തിലെ സദാചാരാംശത്തിനുള്ള ഊന്നൽ സുപ്രധാനമാണ്. ഈ കഥാപാത്രത്തിന്റെ ഘടനയും, ദർശനാഘാതവും, നാട്യരംഗത്ത്, അഭിനയത്തിന് വളരെ ഭാവനാത്മകമായ അടിസ്ഥാനവസ്തുക്കൾ പ്രദാനം ചെയ്യുന്നു. ഘടോൽക്കചനെക്കുറിച്ചുള്ള ഭീമസേനന്റെ വിവരണത്തിലും, നാം, അയാൾക്ക് മാതാപിതാക്കളിൽനിന്ന് ജന്മനാ ലഭിച്ച ഗുണങ്ങളുടെ മിശ്രിതം കാണുന്നു. സിംഹാസ്യ, സിംഹദംഷ്ട്രോ, മധുനിഭനയന എന്ന വാക്കുകൾ ഈ സ്വഭാവങ്ങളുടെ മിശ്രിതം അനാവര

ണം ചെയ്യുന്നു - അമ്മയായ രാക്ഷസിയുടെയും, അച്ഛനായ ക്ഷത്രിയന്റേയും. ഐതരേയബ്രാഹ്മണത്തിലെ ശുനശ്ശേഫാഖ്യാനത്തിൽ നിന്നും ഇതിഹാസപ്രമേയത്തിൽ ഭാസൻ ഉൾക്കൊള്ളിച്ച, രാക്ഷസനാൽ ബ്രാഹ്മണകുടുംബം ആക്രമിക്കപ്പെടുന്ന മനോജ്ഞമായ സംഭവം, കഥാതന്തുവിന്റെ നാടകീയാഖ്യാനം കൂടുതൽ മൂല്യമുള്ളതാക്കാൻ മാത്രമല്ല, വ്യക്തമായ ദൗർബല്യങ്ങളെയും, തെളിഞ്ഞുകാണുന്ന അസന്തുലനങ്ങളെയും തുറന്നുകാട്ടി, മനുഷ്യസ്വഭാവത്തെ ചുഴിഞ്ഞു പരിശോധിക്കാനും അവസരം നൽകുന്നു. നാടകകൃത്തെന്ന നിലയിൽ, നിസ്സാരമനുഷ്യരുടെ സ്വാർത്ഥതയെ തുറന്നുകാണിക്കുന്നതിൽ ഭാസൻ അഭിരമിക്കുന്നു; തന്റെ കഥാപാത്രങ്ങളിലൂടെ അതിനെ പരിഹസിക്കുന്നു. അങ്ങനെ വൃദ്ധനും, അയാളുടെ പത്നിയും, മൂന്നു മക്കളുമടങ്ങുന്ന ബ്രാഹ്മണകുടുംബം, ഘടോൽക്കചനാൽ വേട്ടയാടപ്പെട്ട്, മൂത്തവൻ പിതാവിനാലും, ഇളയവൻ മാതാവിനാലും അവകാശപ്പെട്ടവരായി, മദ്ധ്യമൻ രണ്ടാളും കയ്യൊഴിഞ്ഞവനായി അവശേഷിക്കുമ്പോൾ, ഭാസന്റെ ഹാസം (ചിരി) വ്യക്തമാവുന്നു. രാക്ഷസനോ, അമ്മയുടെ ഉപവാസം അവസാനിപ്പിക്കാൻ, മനുഷ്യനെത്തേടി വനത്തിലെത്തിയ കർത്തവ്യനിരതനായ മകനും!

മൂലകഥയിൽ നിന്ന് വ്യത്യസ്തമായി, ഘടോൽക്കചന് ബ്രാഹ്മണരോട് ആത്മാർത്ഥമായ ബഹുമാനമുണ്ട്. എന്നാൽ, അമ്മയോടുള്ള കർത്തവ്യത്തിന് വിലങ്ങാവുമ്പോൾ, ബഹുമാനം തകർന്നടിയുന്നു.

“ജാനാമി സർവത്ര സദാ ച നാമ

ദ്വിജോത്തമഃ പൂജ്യതമഃ പൃഥിവ്യാം

അകാര്യം ഏതദ് ച മയാദ്യ കാര്യം

മാതുർ നിയോഗാദ് അപനീതശങ്കം”

ഏതെങ്കിലും സദാചാരമൂല്യങ്ങളെ ത്യജിച്ചിട്ടല്ല ഇത് നടക്കാൻ അനുവദിക്കുന്നത്. തനിക്ക് ബലിക്കായി അർപ്പിക്കാൻ പരസ്പരം മത്സരിക്കുന്ന ബ്രാഹ്മണരോട്, ഈ രാക്ഷസൻ ദയാലുവാണ്. ഇത്തരുണത്തിൽ അയാൾ സ്തബ്ധനാവുന്നു; തന്റെ ദൗത്യത്തെക്കുറിച്ച് സംശയിക്കുന്നു. ഈ ദുരന്തസംഭവത്തിലെ മാനവികതയിൽ അയാൾക്ക് താത്പര്യമുണ്ടെന്ന് ഈ പെരുമാറ്റം സൂചിപ്പിക്കുന്നു. ഘടോൽക്കചന്റെ പാത്രനിർമ്മിതിയിൽ അടങ്ങിയിരിക്കുന്ന ഈ സൂക്ഷ്മവ്യാഖ്യാനം, ഇതിഹാസത്തിലെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു വ്യതിയാനത്തെ വ്യക്തമാക്കുന്നു. സംഭവത്തെക്കാളുപരി, കഥാപാത്രത്തിന്റെ പ്രാധാന്യവും, കഥാപാത്രത്തിലെ ചേരുവകളെ സമാഹരിക്കുന്നതിലുള്ള ഏകസ്വരതയും സന്തുലനവും, നാം ഇതിഹാസത്തിൽ കാണുന്നതിൽ നിന്ന് വ്യതിരിക്തമായ ഒരു ഘടനോജ്ജ്വലത, നാടകത്തിന് നൽകുന്നു.

ഒരു ഇതിഹാസസന്ദർഭത്തിന്റെ നന്നായി കെട്ടിപ്പെടുത്ത ചട്ടക്കൂടിനുള്ളിൽ, ഒരു കഥാപാത്രത്തിന്റെ വെടിപ്പും യുക്തിയുക്തവുമായ നിർമ്മാണം, ഭാസന്റെ കർണ്ണഭാരം എന്ന നാടകത്തിൽ കാണാം. പ്രമേയം വിഭാവനം ചെയ്ത അച്ചടക്ക നിയമങ്ങൾ അനുശാസിക്കുന്ന വ്യതിയാനങ്ങൾ ഇവിടെ വീണ്ടും നാം കാണുന്നു. ചില പണ്ഡിതർ ഇതൊരു അപൂർണ്ണ നാടകമാണെന്നു കരുതുന്നു. ഇത്, ഇതിനേക്കാൾ വലിയ ഒരു നാടകത്തിന്റെ ഒരു ഭാഗമാണെന്നിരിക്കിലും, ഇതിന് വ്യക്തമായ ഒരു തുടക്കവും, കർണ്ണഭാരം എന്ന നാമം നിർദ്ദേശിക്കുന്ന ഉദ്ദേശ്യത്തെ ന്യായീകരിക്കുന്ന ഒരന്ത്യവും ഉണ്ട്. കർണ്ണന്റെ ഭാരം - ജന്മനാൽ ഉള്ള ഭാരം - കവചകുണ്ഡലങ്ങൾ - എന്നാണിതർത്ഥമാക്കുന്നത്. കഥാപാത്രത്തിന്റെ ആന്തരാനുഭവങ്ങളുടെ വർണ്ണശബളമായ ഒരു ചിത്രം ഈ നാടകം നമുക്ക് നൽകുന്നു. തന്റെ കഥാപാത്രത്തിന്റെ നിർമ്മിതിയിലുളവായിട്ടുള്ള സദാചാരപ്രശ്നത്തിനു മാത്രമല്ല, യുദ്ധരംഗത്ത് അദ്ദേഹം നേരിടുന്ന വൈവിധ്യമാർന്ന അനുഭവങ്ങൾക്കാകമാനവും, അവയോടുള്ള അദ്ദേഹത്തിന്റെ പ്രതികരണങ്ങൾക്കും ഊന്നലേകി, ഭാസൻ പ്രമേയം പുനഃസൃഷ്ടിക്കുന്നു.

തന്റെ യഥാർത്ഥ തിരിച്ചറിയലിനുള്ള അവകാശം പരിതസ്ഥിതികളുടെ ഗൂഢാലോചനയിൽ ക്രൂരമായി നിഷേധിക്കപ്പെട്ട ഒരിതിഹാസ കഥാപാത്രമാണ് കർണ്ണൻ. കർണ്ണഭാരത്തിലെ വരികളിലൂടെ വായിക്കുമ്പോൾ, കർണ്ണഭാരം എന്ന പേരിൽ ഊന്നിയ കേന്ദ്രപ്രമേയത്തിന്, അദ്ദേഹത്തിന്റെ അച്ഛൻ, അമ്മ,

ശത്രുക്കൾ മുതലായവരുമായുള ദുഃഖാനുഭവങ്ങളെല്ലാം സംഭാവനകൾ നൽകുന്നത് നമുക്ക് കാണാം. പരശുരാമശാപകഥ ഓർമ്മിക്കുന്നതും, പുനരാവിഷ്കരിക്കുന്നതും, തന്റെ കവചകുണ്ഡലങ്ങൾ ഒരു പാരിതോഷികമായി ഇന്ദ്രന് ദാനം ചെയ്യുന്നതും, ഭാസൻ ദൃശ്യകവിതയിലൂടെ അതുല്യമായ നാടകഭാഷ നൽകുന്ന രണ്ട് മൗലികാനുഭവങ്ങളാകുന്നു. കർണ്ണൻ കുരുക്ഷേത്രയുദ്ധരംഗത്ത് പ്രവേശിക്കുമ്പോൾ, ഇതിഹാസപ്രമേയം പുതിയ മാനം നേടുന്നു. യുദ്ധരംഗം, മറ്റൊരു യുദ്ധം നടക്കുന്ന കർണ്ണന്റെ മനസ്സിനെ, യഥാർത്ഥത്തിൽ പ്രതിഫലിപ്പിക്കുന്നു. അപ്രകാരം സൃഷ്ടിക്കപ്പെട്ട നാടകസ്ഥലത്ത്, 'ആട്ടപ്രകാരം', നാടകീയമായി പ്രകമ്പനം കൊള്ളുന്ന, ദൃശ്യോജ്ജ്വലതയുള്ള, വ്യാഖ്യാനപരമായി മൗലികമായ, ഒരു നാടകം അനാവരണം ചെയ്യുന്നു. ഇതിഹാസത്തിലെ ഒരു സൂക്ഷ്മസന്ദർഭം, ആന്തരികമായും പ്രമേയപരമായും വികാരഗർഭമായ ഒരു സ്ഥൂലാഖ്യാനമായിട്ടും, ഒരു സൂക്ഷ്മദർശിനിയിലൂടെയെന്നോണം പ്രക്ഷേപണം ചെയ്യപ്പെടുന്നു. ഈ അടിസ്ഥാനത്തിൽ, കർണ്ണഭാരം, കർണ്ണഭാരതമായോ, കർണ്ണൻ, കേന്ദ്രകഥാപാത്രമായി ഭാസൻ സൃഷ്ടിച്ച ഭാസഭാരതമായോ രൂപം കൊള്ളുന്നു.

ഒരു യുദ്ധവീരന്റെ ഗുണങ്ങൾ തന്നിൽ സംയോജിപ്പിച്ച ഒരു മഹാദാനവീരനായിട്ടാണ് കർണ്ണൻ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. നിർഭാഗ്യമെന്നു പറയട്ടെ, സ്വന്തം അമ്മ, കർണ്ണന്റെ ജന്മരഹസ്യം യുദ്ധരംഗത്ത് പ്രവേശിക്കുന്നതിനു തൊട്ടുമുമ്പ്, അദ്ദേഹത്തോട് വെളിവാക്കി. ബാണപ്രയോഗത്തിന് ശ്രമിച്ചുവെങ്കിലും പരാജിതനായി; തത്സമയം അമ്മയുടെ വാക്കുകൾ നിമിത്തമാണ് തന്റെ ആത്മവിശ്വാസം നഷ്ടപ്പെടുന്നത് എന്നദ്ദേഹം വിലപിക്കുന്നു. ഇവിടെ കർണ്ണന്റെ അമ്മ, സ്വന്തം മകന്റെ കീർത്തിയെപ്പറ്റി ഒരിക്കലും വ്യാകുലയായി കാണപ്പെടുന്നില്ല; മറിച്ച്, യുദ്ധരംഗത്തുനിന്നും പിന്മാറാനാണ് അവർ ആവശ്യപ്പെടുന്നത് - ഒരു യഥാർത്ഥ യോദ്ധാവിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ദുഷ്കീർത്തികരമായ പ്രവൃത്തി. വാസ്തവത്തിൽ കർണ്ണന്റെ ശത്രുവാണ്, അഥവാ കർണ്ണശത്രുവിന്റെ പിതാവായ ഇന്ദ്രനാണ് ഒരു സ്വാർത്ഥ താത്പര്യം നിമിത്തം തന്റെ മഹത്തായ പാരിതോഷികം ദാനം ചെയ്യാൻ പ്രേരിപ്പിക്കുന്നതുവഴി, കർണ്ണന് അനശ്വരകീർത്തി പ്രദാനം ചെയ്യുന്നത്.

ഇതിഹാസത്തിലെ വെറുമൊരു കണം മാത്രമാണ് കർണ്ണന്റെ പ്രമേയം. എന്നാൽ, അതിന്റെ സർവവ്യാപിയായ ആത്മാവും അതുതന്നെ. ഭാരതീയ പാരമ്പര്യ നാട്യപ്രതിഭ, മഹാഭാരതകഥയുടെ ഭീമഭാഗം അതിന്റെ ആകത്തുകയിൽ ഒരു ശിൽപം നിർമ്മിച്ച്, Avignon മാതൃകയിൽ പുനരാഖ്യാനം ചെയ്യുന്നതിൽ ഒരിക്കലും വിശ്വസിച്ചില്ല. ഭാസനും, പ്രശസ്തരായ മറ്റു നാടകകൃത്തുക്കൾക്കും, കഥകളി മുതലായ നാട്യരൂപങ്ങളുടെ സൃഷ്ടികർത്താക്കൾക്കും അനുസരിച്ച്, മഹാഭാരതകർത്താവായ ഋഷി, അതിന്റെ ആന്തരിക സദാചാരമൂല്യങ്ങൾക്കു പുറമെ, മാനവസ്വഭാവവ്യാഖ്യാനത്തിന് ശക്തമായ നാട്യമാദ്ധ്യമത്തിലൂടെ അനന്തമായ സ്രോതസ്സുകളും നൽകുന്നു. ഐതിഹാസികവും അനേകമാനങ്ങളുമുള്ള കഥാപാത്രങ്ങൾ, സൃഷ്ട്യുന്മുഖ മനസ്സുകൾക്ക് നാട്യവിജയാങ്കങ്ങളിലൂടെ ജനതയെ ആവേശഭരിതമാക്കാൻ, അവസരങ്ങൾ നൽകിയിട്ടുണ്ട്. ദൃശ്യകവിതയിലൂടെയുള്ള ധ്വനിയുടെ സിദ്ധാന്തവും പ്രയോഗവും, രാജ്യത്തുടനീളം, നാട്യപാരമ്പര്യത്തിന്റെ ഒരു മഹാശ്രേണി സൃഷ്ടിച്ചു. ആഖ്യാനം ദൃശ്യപരമായി സമർത്ഥിക്കുന്നതും, വ്യാഖ്യാനപരവും എന്നാൽ ധ്വന്യാത്മകവുമായി മാറുന്നു; സർവാത്മകമാവാതെ, ഗീതോജ്ജ്വലവും, ഹ്രസ്വവും, തീവ്രവും ശക്തവുമാകുന്നു. സമ്പൂർണ്ണസമുദ്രത്തിന്റെ ഗുണങ്ങൾ, ഒരു തുള്ളി സമുദ്രജലം പ്രതിനിധാനം ചെയ്യുന്നതുപോലെ, ഭാസന്റെ കർണ്ണഭാരത്തിന് സമ്പൂർണ്ണ ഇതിഹാസത്തെ പ്രതിനിധാനം ചെയ്യാൻ കഴിയും. പാശ്ചാത്യ രാജ്യങ്ങളിലും ഇന്ത്യയിലും, സമ്പൂർണ്ണ മഹാഭാരതം ഒരൊറ്റയിരുപ്പിന്, ഒരൊറ്റ പ്രദർശനത്തിൽ ചിത്രീകരിക്കാനുള്ള ശ്രമങ്ങളെപ്പറ്റി നാം കേട്ടിട്ടുണ്ട്. ഇത്തരമൊരു ശ്രമം നടത്തുന്നതിൽ എന്തെങ്കിലും തെറ്റുണ്ടെന്നല്ല ഞാൻ വിവക്ഷിക്കുന്നത്. കഥകളിയിലും ഇത്തരമൊരു സംഗ്രഹപരിപാടി നടപ്പിലാക്കാൻ ആരോ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഈ പരീക്ഷണം കഥകളിയുടെ സൗന്ദര്യബോധത്തിന്റെ വീക്ഷണത്തിൽ നിന്നെങ്കിലും കഥകളിയെ ആകർഷണീയമാക്കാൻ മാത്രമേ സഹായിച്ചിട്ടുള്ളൂ. കഥകളിയിൽ, ഭീമന്റെയും ഹനുമാന്റെയും പോലെ, രണ്ടു സഹോദരന്മാരുടെ സമ്മേളനം പോലെ ലളിതമായ ഒരു നാടകീയരംഗം കല്യാണസൗഗന്ധികം പോലെ ഹൃദയസ്പർശിയായ ഒരു കളി സൃഷ്ടിക്കാൻ പര്യാപ്തമാ

യ ആഖ്യാനവസ്തുവാണ്. കാണികളെയാകമാനം മന്ത്രബദ്ധരാക്കിക്കൊണ്ട്, ഒരു രാത്രി മുഴുവൻ ഇക്കളി നീണ്ടുനിൽക്കും. കൂടിയാട്ടത്തിൽ, ഹ്രസ്വമായ ആഖ്യാനവസ്തുവിന്റെ നാടകീയ വികസനം സ്വദേശച്ചുവയുള്ള ഒരു നാടകസംസ്കാരം സ്ഥാപിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ഗണ്യമായ സ്ഥാനം നേടാൻ തുടങ്ങിയിട്ടുണ്ട്. കൂടിയാട്ടത്തിന്റെ കലാകാരന്മാരും നിർദ്ദേശകന്മാരും പ്രശസ്തങ്ങളായ സംസ്കൃത നാടകങ്ങളെ, വ്യത്യസ്തങ്ങളായ തലക്കെട്ടുകളോടെ, പ്രത്യേക ആവിഷ്കരണങ്ങൾ നിർമ്മിക്കാൻ വേണ്ടി, അങ്കങ്ങളായി വിഭജിച്ചിട്ടുണ്ട് - രാമായണനാടകമായ ആശ്ചര്യചൂഡാമണിയിൽ പർണ്ണശാലാങ്കം, ശൂർപ്പണഖാങ്കം, അശോകവനികാങ്കം മുതലായവയും, സ്വപ്നവാസവദത്തത്തിലെ സ്വപ്നാങ്കം, പ്രതിജ്ഞായൗഗന്ധരായണത്തിലെ മന്ത്രാങ്കം തുടങ്ങിയവയും. ഇതിഹാസത്തെ ആസ്പദമാക്കിയുള്ള ആഖ്യാനം, അതിന്റെ മൗലികമായ കഥാതന്തുവിന് യാതൊരു തടസ്ഥവും പറ്റാതെ, എങ്ങനെ ഒരു നാട്യശിൽപം - കൂടുതൽ കൃത്യമായി പറഞ്ഞാൽ ബഹുപാത്രാധിഷ്ഠിതമായ നാട്യശിൽപങ്ങൾ - ആക്കാം എന്ന് ഇത് വ്യക്തമായി കാണുക്കുന്നു. നാടകസങ്കൽപങ്ങളെ കണക്കിലെടുക്കാത്ത ഏതെങ്കിലും കണിശക്കാരനായ സാഹിത്യകാരൻ, ഇതിനെ ആഖ്യാനത്തിന്റെ അംഗഭംഗം എന്ന് വിമർശിച്ചേക്കാം. നാട്യശാസ്ത്തതിലും, പിന്നീടുളവായ ശാസ്ത്രപുസ്തകങ്ങളിലും വിഭാവനം ചെയ്യപ്പെട്ടതും, ജീവത്തായ നാടകവേദിയിൽ ഉപയോഗിച്ചു വരുന്നതുമായ, പാരമ്പര്യമായി സ്വീകരിക്കപ്പെട്ടുവരുന്ന നാട്യതത്വശാസ്ത്രത്തെ അപേക്ഷിച്ച്, പങ്കിടുന്ന ഇതിഹാസത്തിന്റെ നാട്യത്തിന്റെ വീക്ഷണത്തിൽനിന്നും ഇത്, അംഗഭംഗം ചെയ്യലല്ല; ആഖ്യാനതലത്തിലല്ലാതെ, അഭിനയത്തിൽ ഊന്നിയുള്ള പുനരാവിഷ്കരണമാണിത്. അന്തർല്ലീനമായ ഉന്നത സദാചാരമൂല്യങ്ങളെ പരാജയപ്പെടുത്താതെയുള്ള ഇതിഹാസസന്ദർഭത്തിന്റെ ആസ്വാദനമാണിത്. വ്യാസന്റെ മഹത്തായ കൃതിയിൽ കാണുന്ന “ധ്വനി” , ഭാസൻ തന്റെ നാടകങ്ങളിൽ, വ്യത്യസ്തമായി പരിക്ഷണം നടത്തി - ഭാരതീയ സംസ്കാരപശ്ചാത്തലത്തിന് അതിനെ ഒട്ടും അപ്രസക്തമാക്കാതെ.

കർണ്ണഭാരത്തിൽ കർണ്ണന്റെ ആത്മസാക്ഷാത്കാരം കാണുന്നത് കൗതുകകരമാണ്. കവചകുണ്ഡലങ്ങൾ താൻ ജന്മനാ സമ്പാദിച്ച ഭാരമാണെന്നും, ദാനത്തിലൂടെ താൻ നേടാനുദ്ദേശിക്കുന്ന, കീർത്തിയിലേക്കുള്ള തന്റെ പ്രയാണത്തിൽ ഇവ വിലങ്ങുതടികളാണെന്നുമുള്ള, തന്നെപ്പറ്റിയുള്ള സത്യം, സ്വയം അയാൾ അഭിമുഖീകരിക്കുന്നു. കർണ്ണൻ ഒരിക്കലും തനിക്കുവേണ്ടി ജീവിച്ചില്ല. ഒരു യോദ്ധാവെന്ന നിലയിൽ തന്റെ കടമ നിറവേറ്റാൻ മാത്രം അദ്ദേഹം ജീവിച്ചു. ഇവിടെ തന്റെ നായകനിലൂടെ, ഭാസൻ, വീരരസസങ്കൽപം, പ്രക്ഷേപണം ചെയ്യുന്നു. സ്ഥാപിത മാനദണ്ഡങ്ങൾക്ക് തികച്ചും എതിരായി മഹാഭാരതത്തിലെ പ്രതിനായകരുടെ നിരയിലുള്ള ഒരു വീരൻ, നായകനായി മാറുന്നു. അദ്ദേഹത്തിന്റെ പ്രശംസയാണ്, ധർമ്മത്തോടുള്ള നമ്മുടെ പ്രതിജ്ഞാബദ്ധതയ്ക്ക് യാതൊരു പ്രതിബന്ധവും സംഭവിക്കാതെ, ഭാസൻ ഈ നാടകത്തിന്റെ പ്രമേയമായി കൈകാര്യം ചെയ്യുന്നത്. വ്യാസന്റെ ഉന്നത സദാചാര ഉദ്ദേശ്യത്തിന്, ഭാസന്റെ വ്യാഖ്യാനം, യാതൊരു വിധത്തിലും വിരുദ്ധമല്ല. നേരെ മറിച്ച്, അത് അതിനെ ആവേശത്തോടെ ഉയർത്തിപ്പിടിക്കുന്നു.